# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 304 | 27.09.2016 - ലെ മറുപടിയ്ക്ക് |
|---|---|

## പെട്രോൾ/ ഡീസൽ വില വർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര തവണ പെട്രോൾ / ഡീസൽ എന്നിവയുടെ വില വർദ്ധനവുണ്ടായി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോളിയം കമ്പനികൾ പെട്രോളിന്റെ വില 4 തവണയും ഡീസലിന്റെ വില 3 തവണയും വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | ഒരു ലിറ്റർ പെട്രോൾ / ഡീസലിന് സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു ലിറ്റർ പെട്രോളിന് 31.80 ശതമാനവും ഡീസലിന് 24.52 ശതമാനവുമാണ് വില്പന നികുതിയായി ചുമത്തുന്നത്. കൂടാതെ ലിറ്ററിന് ഒരു രൂപാ നിരക്കിൽ അധിക വില്പന നികുതിയും ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സും ചുമത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയ്ക്ക് ഏർപ്പെടുത്തിയ നികുതി ശതമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ നികുതി നിരക്ക് 31.80 ശതമാനമായും ഡീസലിന്റേത് 24.52 ശതമാനമായും 20/02/2015 മുതൽ പുന:ക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | സാധാരണക്കാർക്ക് ആശ്വാസമാകുവാൻ നിലവിൽ സംസ്ഥാന സർക്കാർ പെട്രോൾ/ഡീസൽ എന്നിവയ്ക്ക് ചുമത്തുന്ന നികുതി ഭാരം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

Sd/- Latheesh

സെക്ഷൻ ഓഫീസർ